(ബി) 2015 ജനുവരിയോടുകൂടി പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) 199.37 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

നഗരദരിദ്രരുടെ/നഗരചേരികളുടെ കണക്ക്

89(3373) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെകാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ നഗരദരിദ്രരുടെ/നഗരചേരികളുടെ വസ്തുനിഷ്ഠമായ വിവരങ്ങൾ ലഭ്യമാണോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

രാജീവ് ആവാസ് യോജന പദ്ധതി നിലവിൽ വരുന്നതുവരെ സംസ്ഥാനത്തെ നഗരചേരികളെപ്പറ്റിയുള്ള സമഗ്രവിവരങ്ങൾ ലഭ്യമായിരുന്നില്ല. എന്നാൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലും കണ്ണൂർ മുനിസിപ്പാലിറ്റിയിലുമായി തെരഞ്ഞെടുക്കപ്പെട്ട 650 ഓളം ചേരികളുടെ സമഗ്രവിവരങ്ങൾ ചേരികളിൽ നടത്തപ്പെട്ട സാമൂഹിക സാമ്പത്തിക വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമാണ്.

ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കാൻ നടപടി

90(3374) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെകാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുനിസിപ്പാലിറ്റിക്ക് ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കാൻ നഗരകാര്യ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ?

ഉത്തരം

നീലേശ്വരം നഗരസഭ ചെയർപേഴ്സന്റെ 18-12-2011-ലെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ, നീലേശ്വരം നഗരസഭയുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി നീലേശ്വരത്തെ കരുവാച്ചേരിയിൽ കേരള കാർഷിക സർവ്വകാശാലയുടെ കൈവശമുള്ള വസ്തുവിൽനിന്ന് 2 ഏക്കർ വസ്തു 9-11-2012-ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ. (സാധാ.) 2202/12/കൃഷി. പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly